## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2451** **9.03.2018-ൽ മറുപടിക്ക്**

## ഇതരസംസ്ഥാനത്തൊഴിലാളികളുടെ കണക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ ആകെ എത്ര ഇതരസംസ്ഥാനത്തൊഴിലാളികൾ പണിയെടുക്കുന്നു എന്നതിന്റെ കണക്കും ജില്ല തിരിച്ചുള്ള എണ്ണവും വിശദമാക്കുമോ; ഇതിൽ സ്ത്രീ തൊഴിലാളികൾ ഉണ്ടെങ്കിൽ അവരുടെ എണ്ണമെത്രയെന്ന് വിശദമാക്കുമോ ; | (എ) കേരളത്തിൽ ആകെ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു എന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഒരു സമ്പൂർണ്ണ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 1,65,381 ഇതരസംസ്ഥാന തൊഴിലാളികൾക്ക് 07.03.2018 വരെ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇതിൽ 10008 പേർ സ്ത്രീ തൊഴിലാളികളാണ്. ആവാസ് കാർഡ് വിതരണം (എൻറോൾമെന്റ് ഉൾപ്പെടെ) സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | വിതരണം ചെയ്ത ആവാസ് കാർഡുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 20928 |
| കൊല്ലം | 11527 |
| പത്തനംതിട്ട | 9622 |
| ആലപ്പുഴ | 12717 |
| കോട്ടയം | 5243 |
| ഇടുക്കി | 3993 |
| എറണാകുളം | 29303 |
| തൃശ്ശൂർ | 13747 |
| പാലക്കാട് | 8665 |
| വയനാട് | 4173 |
| മലപ്പുറം | 9885 |

| | |
|---|---|
| കോഴിക്കോട് | 17708 |
| കണ്ണൂർ | 12468 |
| കാസർഗോഡ് | 5402 |

| | |
|---|---|
| (ബി) ഇവരെ തിരിച്ചറിയാൻ സാധിയ്ക്കുന്ന തരത്തിലുള്ള തിരിച്ചറിയൽ കാർഡ് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കാർഡുകൾ നൽകി ഇവരെ നിയന്ത്രിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ? | (ബി) ഇതരസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനുതകുന്ന വിധത്തിലുള്ള കാർഡാണ് നൽകുന്നത്. തൊഴിലാളികളെ നിയന്ത്രിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടല്ല കാർഡ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ